## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3075** **25-06-2024 - ൽ മറുപടിയ്ക്ക്**

## ഉൾനാടൻ മത്സ്യകൃഷി നേരിടുന്ന പ്രതിസന്ധികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉൾനാടൻ മത്സ്യത്തിന്റെ പ്രധാന സ്രോതസ്സായ പുഴകളിലേയും കായലുകളിലേയും ആവാസ വ്യവസ്ഥയിലുണ്ടായിട്ടുള്ള തകർച്ച പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി 'കൺസർവേഷൻ ആന്റ് മാനേജ്മെന്റ് ഓഫ് ഇൻലാൻഡ് റിസോഴ്സ്' എന്ന സംസ്ഥാന സർക്കാർ പദ്ധതിയുടെ ഭാഗമായി ഉൾനാടൻ ജല സ്രോതസ്സുകളിൽ എല്ലാ വർഷങ്ങളിലും കാർപ്പ്, കരിമീൻ തുടങ്ങിയ മത്സ്യങ്ങളുടെയും ചെമ്മീനുകളുടെയും വിത്തുകൾ നിക്ഷേപിച്ചു വരുന്നു. ടി പദ്ധതിയുടെ ഭാഗമായി കായലുകളിൽ 26 മത്സ്യ സംരക്ഷണ കേന്ദ്രങ്ങളും 20 കക്ക സംരക്ഷണ കേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുണ്ട്. ആയത് വഴി മത്സ്യ / കക്ക ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൾനാടൻ മത്സ്യ തൊഴിലാളികൾക്ക് കൂടുതൽ തൊഴിലും വരുമാനവും ഉറപ്പാക്കാനും കഴിഞ്ഞിട്ടുണ്ട്. ഉൾനാടൻ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും വേണ്ടി രൂപീകരിച്ച 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് (Kerala Inland Fisheries and Aquaculture Act)-ലെ വ്യവസ്ഥകളുടെ ലംഘനം തടയുന്നതിന് കായൽ പട്രോളിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. 2024-25 വർഷത്തിൽ 'ഇന്റഗ്രേറ്റഡ് ഫിഷറി റിസോഴ്സ് മാനേജ്മെന്റ് ഇൻ ഇൻലാൻഡ് അക്വാട്ടിക് ഇക്കോസിസ്റ്റംസ്' എന്ന പദ്ധതിയും 'ഇൻലാൻഡ് വാട്ടർ പട്രോളിംഗ് ആന്റ് ഇംപ്ലിമെന്റേഷൻ ഓഫ് കേരള ഇൻലാൻഡ് ഫിഷറീസ് ആന്റ് അക്വാകൾച്ചർ ആക്ട്' എന്ന പദ്ധതിയും നടപ്പിലാക്കാൻ 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതനുസരിച്ച് പുഴകളിലും നദികളിലും മത്സ്യകുഞ്ഞു നിക്ഷേപം നടത്തുന്നതിനും പുഴകളിലെയും കായലുകളിലെയും ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ചേർന്ന് വേമ്പനാട് കായലിന്റെ കൈത്തോടുകളിലെ എക്കലും ചെളിയും മാറ്റി ആഴം കൂട്ടുന്നതിന് നടപ്പ് |

| | | | |
|---|---|---|---|
| | | | സാമ്പത്തിക വർഷം ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഉൾനാടൻ മത്സ്യകൃഷി നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയായ മത്സ്യ രോഗങ്ങളുടെ ദ്രുതഗതിയിലുള്ള വ്യാപനം തടയുന്നതിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള ജലജീവി ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | ഉൾനാടൻ മത്സ്യകൃഷി നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയായ മത്സ്യരോഗങ്ങളുടെ ദ്രുതഗതിയിലുള്ള വ്യാപനം തടയുന്നതിനും, ജലജീവികളുടെ നശീകരണം നിയന്ത്രിക്കുന്നതിനും സംസ്ഥാനത്ത് മത്സ്യ രോഗങ്ങളുടെ നിരീക്ഷണം. രോഗ നിർണ്ണയം, പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിനുമായി പത്തനംതിട്ട ജില്ലയിലെ പന്നിവേലിച്ചിറ, കോട്ടയം ജില്ലയിലെ പള്ളം, തൃശ്ശൂർ ജില്ലയിലെ അഴീക്കോട്, പാലക്കാട് ജില്ലയിലെ മലമ്പുഴ, മലപ്പുറം ജില്ലയിലെ ഉണ്ണ്യാൽ, കോഴിക്കോട് ജില്ലയിലെ വെസ്റ്റ് ഹിൽ, വയനാട് ജില്ലയിലെ തളിപ്പുഴ, എന്നിവിടങ്ങളിലായി 7 അക്വാട്ടിക് ആനിമൽ ഹെൽത്ത് സർവൈലൻസ് ലാബുകൾ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ടി ലാബുകളിൽ മത്സ്യ/ചെമ്മീനുകളുടെ വൈറസ് രോഗ നിർണത്തിനായുള്ള പി.സി.ആർ ടെസ്റ്റുകളും ബാക്ടീരിയ രോഗ നിർണയത്തിനുള്ള മൈക്രോബയോളജി ടെസ്റ്റുകളും മത്സ്യകൃഷി ചെയ്യുന്ന ജലം, മണ്ണ് എന്നിവയുടെ രാസഭൗതിക ഗുണങ്ങൾ തുടങ്ങിയ എല്ലാ പരിശോധനകളും നടത്തുന്നതിനുള്ള സജ്ജീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>ഇതിന് പുറമേ എറണാകുളം ജില്ലയിലെ തേവരയിലും കൊല്ലം ജില്ലയിലെ ഓടയത്തുമായി രണ്ട് റീജണൽ ലാബുകളും, പനങ്ങാട് കേരള ഫിഷറീസ് സമുദ്രപഠന സർവകലാശാലയിൽ (കുഫോസ്) ഒരു റെഫറൽ ലാബും പ്രവർത്തിച്ചു വരുന്നു. നാഷണൽ സർവൈലൻസ് പ്രോഗ്രാം ഓൺ അക്വാട്ടിക് അനിമൽ ഹെൽത്ത് ഡിസീസ് (NSPAAD) എന്ന പദ്ധതിയുടെ ഭാഗമായി കുഫോസ് റെഫറൽ ലാബ് കർഷകർ റിപ്പോർട്ട് ചെയ്യുന്ന മത്സ്യരോഗങ്ങൾ പരിശോധിച്ച് പ്രതിവിധികൾ നിർദ്ദേശിക്കുന്നു. ഇതിനായി കുഫോസിലെയും ഫിഷറീസ് വകുപ്പിലെയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രത്യേക കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ